ഉത്തരം

'(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കോർപ്പറേഷന്റെ സാമ്പത്തിക പരാധീനത കാരണം അത്യാവശ്യം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനെ കഴിഞ്ഞിട്ടുള്ളു.

(ബി) ബസ്സിന്റെ ദൗർലഭ്യം കാരണം ഗുരുവായൂരിലേക്ക് സർവ്വീസ് നടത്തുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല. നെടുമങ്ങാട്-കന്യാകുമാരി റൂട്ട് അന്തർ സംസ്ഥാന കരാറിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ കാര്യം പരിഗണിക്കാൻ കഴിയില്ല.

(സി) സർവ്വീസുകൾ യാതൊന്നും നിർത്തലാക്കിയിട്ടില്ല. നഷ്ടത്തിൽ ഓടിയിരുന്ന ഏതാനും സർവ്വീസുകൾ പുനഃക്രമീകരിച്ചു പൊതുജനങ്ങൾക്കു ഉപകാരപ്രദമായും കെ.എസ്.ആർ.ടി.സി.-യ്ക്ക് വരുമാനം ലഭ്യമാക്കുന്ന രീതിയിലും നടപ്പിലാക്കിയിട്ടുണ്ട്.

കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോപ്ലക്സ്

72 [559] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് പ്രതീക്ഷിക്കുന്ന ചെലവും എന്നത്തേയ്ക്ക് പണി പൂർത്തീകരിക്കാനാവുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ഷോപ്പിംഗ് കോപ്ലക്സിന്റെ രൂപകൽപ്പനയും എസ്റ്റിമേറ്റും പൂർത്തിയായിട്ടുണ്ട്. ദർഘാസ് ക്ഷണിക്കുന്നതിനും കരാറുകാരനെ നിശ്ചയിക്കുന്നതിനും ഉദ്ദേശം രണ്ടുമാസം വേണ്ടിവരും അതുകഴിഞ്ഞ് നിർമ്മാണ പ്രവർത്തനം ആരംഭിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) മൂന്നു കോടി ഇരുപതുലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പണി തുടങ്ങി 18 മാസത്തിനകം പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

തെക്കുമ്പാട് പാലത്തിലൂടെ ഗതാഗതം പുനരാരംഭിക്കാൻ നടപടി

73 [560] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ മാട്ടൂൽ ഗ്രാമപഞ്ചായത്ത് അതിർത്തിയിൽപ്പെട്ട തെക്കുമ്പാട് നിവാസികൾ അനുഭവിക്കുന്ന യാത്രാക്ലേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly